രക്ഷയുടെ പാതയിൽ-8



8

# സഭ ദൈവത്തിന്റെ ജനം

## സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി

# ഉള്ളടക്കം

1. സഭ :ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ട ജനം
2. സഭ : രക്ഷിക്കപ്പെട്ടവരുടെ സമൂഹം
3. സഭ : വിശ്വാസികളുടെ സമൂഹം
4. സഭ : ആത്മാവിനാൽ നയിക്കപ്പെടുന്ന ജനം
5. സഭ : മിശിഹായുടെ ശരീരം
6. സഭ : പുരോഹിത ജനം
7. സഭ : പങ്കുവയ്ക്കുന്നവരുടെ സമൂഹം
8. സഭ : പ്രവാചകജനം
9. പ്രേഷിതയായ സഭ
10. തീർത്ഥാടകയായ സഭ
11. സഭ : ഏകമാണ്
12. സഭ : പരിശുദ്ധമാണ്
13. സഭ : ശ്ലൈഹികമാണ്
14. സഭ : സാർവത്രികമാണ്
15. മറിയം സഭയുടെ മാതാവും മാതൃകയും

പാഠം 10

# തീർത്ഥാടകയായ സഭ



അടിമത്തത്തിന്റെ ദുരിതങ്ങളിൽ നിന്നും മോശയുടെയും ജോഷ്വായുടെയും നേതൃത്വത്തിൽ ഇസ്രായേൽ ഒരു തീർത്ഥാടനമായി കാനാൻ എന്ന വാഗ്ദത്തനാട്ടിലേക്ക് നീങ്ങി.





1. കാനാൻ ദേശം ദൈവരാജ്യത്തിന്റെ പ്രതിരുപം
2. സഭയുടെ തീർത്ഥാടക സ്വഭാവം
3. ക്രൈസ്തവ ജീവിതം സ്വർഗീയ ജീവിതത്തിന്റെ മുന്നനുഭവം
4. മരണം: നിത്യതയുടെ കവാടം
5. തനതു വിധിയും അന്ത്യവിധിയും
6. അന്ത്യവിധിയും മഹത്വീകരണവും
7. നരകം
8. ശുദ്ധീകരണസ്ഥലം
9. സ്വർഗം

# കാനാൻദേശം ദൈവരാജ്യത്തിന്റെ പ്രതിരൂപം

മിശിഹായിലൂടെ
യാഥാർത്ഥ്യമാകാനിരുന്ന
ദൈവരാജ്യത്തിന്റെ
പ്രതിരൂപമാണ്
കാനാൻ ദേശം.



# സഭയുടെ തീർത്ഥാടക സ്വഭാവം

- ക്രൈസ്തവജീവിതവും ഒരു തീർത്ഥാടനമാണ്.
- പാപത്തിന്റെ അടിമത്തത്തിൽ നിന്നും വിമോചനം നേടി സ്വർഗീയ കാനാൻ ലക്ഷ്യമാക്കിയുള്ള തീർത്ഥാടനം.
- വരാനിരിക്കുന്ന സ്വർഗഭാഗ്യത്തിൽ പ്രത്യാശവച്ച് മുന്നോട്ട് നീങ്ങുന്നവരാണ് ക്രൈസ്തവർ.
- ഈ പ്രത്യാശയാണ് ക്രൈസ്തവജീവിതത്തിന് അർത്ഥം നൽകുന്നത്.



# ക്രൈസ്തവജീവിതം സ്വർഗീയ ജീവിതത്തിന്റെ മുന്നനുഭവം

- നാം മിശിഹായിലും മിശിഹാ നമ്മിലും ആയിരിക്കുന്ന അവസ്ഥയുടെ പൂർണമായ സാക്ഷാത്കാരമാണ് സ്വർഗീയ ജീവിതം.



## മരണം: നിത്യതയുടെ കവാടം

- ജീവൻ നിലനിർത്തുന്ന ചൈതന്യത്തിന്റെ വേർപെടലാണ് മരണത്തിലൂടെ സംഭവിക്കുന്നത്.
- ആത്മാവ് തന്റെ ദാതാവായ ദൈവത്തിങ്കലേയ്ക്കു തിരിച്ചുപോവുകയും ചെയ്യും.
- പുതിയനിയമം മരണത്തിന് പുതിയൊരർത്ഥം നൽകുന്നു.
- മരണത്തെ ജയിച്ചടക്കിയ മിശിഹായിലൂടെ നമുക്ക് ശാശ്വതജീവൻ കൈവന്നു.

# തനതുവിധിയും അന്ത്യവിധിയും

- ആത്മാവ് ശരീരത്തിൽനിന്നും വേർപെടുന്നതിനെയാണ് മരണം എന്നു വിളിക്കുന്നത്.
- ശരീരം മണ്ണിൽ ലയിച്ചുചേരുന്നു.
- ആത്മാവ് ഉടനെ തന്നെ ദൈവതിരുമുമ്പിൽ ഭൂമിയിലെ തന്റെ പ്രവർത്തനങ്ങൾക്കനുസൃതം വിധിക്കപ്പെടുന്നു. ഇതിനെ തനതു വിധിയെന്നു പറയുന്നു.
- നന്മ ചെയ്തവരും തിന്മ ചെയ്തവരും പൂർണ്ണമായി വേർതിരിക്കപ്പെടുന്ന സംഭവമാണ് അന്ത്യവിധി അഥവാ പൊതുവിധി.
- നന്മ ചെയ്തവരെ മഹത്വീകരിക്കുകയും തിന്മ ചെയ്തവരെ ശിക്ഷിക്കുകയും ചെയ്യുന്ന മഹത്വപൂർണമായ കർമമാണ് പൊതുവിധി.



# അന്ത്യവിധിയും മഹത്വീകരണവും



പിതാവിന്റെ വലത്തുഭാഗത്ത് ഉപവിഷ്ടനായിരിക്കുന്ന ഈശോ മരിച്ചവരേയും ജീവിക്കുന്നവരെയും വിധിക്കുവാൻ വരുമെന്നുള്ളത് ക്രൈസ്തവ വിശ്വാസത്തിന്റെ അടിസ്ഥാനമാണ്.

# നരകം

- മാരകമായ പാപത്തിൽ ഉറച്ചു നിൽക്കുകയും ഐഹികജീവിതത്തിന്റെ അന്തിമനിമിഷത്തിലും ദൈവത്തെ തിരസ്കരിക്കുകയും ചെയ്യുന്നവർ എന്നേയ്ക്കുമായി പുറന്തള്ളപ്പെടും.
- കഠിനമായ പാപാവസ്ഥയിൽ മരിക്കുന്നവർ നിത്യശിക്ഷ അനുഭവിക്കേിവരും എന്നു സഭ പഠിപ്പിക്കുന്നു.



# ശുദ്ധീകരണസ്ഥലം

- അന്തിമനിമിഷത്തിലെങ്കിലും മാനസാന്തരപ്പെടുകയും എന്നാൽ ദൈവസ്നേഹത്തിന്റെ പൂർണതയിൽ എത്താതെ മരിക്കുകയും ചെയ്തവർക്ക് ശുദ്ധീകരണത്തിലൂടെ പൂർണത പ്രാപിക്കാനായി ദൈവം ഒരവസരം നൽകുന്നു. ഇതിനെയാണ് ശുദ്ധീകരണ സ്ഥലം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.
- സുറിയാനിയിൽ ബേസ് പൂർക്കാനാ എന്ന് വിളിക്കുന്നു.
- രക്ഷയുടെ ഭവനം എന്നാണ് ഇതിനർത്ഥം.



# സ്വർഗം

- വിശ്വാസിയായ ഏതൊരു മനുഷ്യന്റെയും ജീവിതലക്ഷ്യമാണ് സ്വർഗം.
- സ്വർഗത്തെക്കുറിച്ചുള്ള പ്രത്യാശയാണ് ജീവിതത്തിലെ ദു:ഖങ്ങൾക്കും സഹനങ്ങൾക്കും പൂർണമായ അർത്ഥം പകരുന്നത്.
- വിശ്വാസത്തിലും സ്നേഹത്തിലും അധിഷ്ഠിതമായ സൽപ്രവൃത്തികളിലൂടെ നമുക്ക് സ്വർഗത്തിലെത്താം.



# ദൈവവചനം വായിക്കാം

# ധ്യാനിക്കാം

(ലൂക്കാ 16:19-31)



# ഓർമ്മിക്കാൻ ഒരു തിരുവചനം

**ഞാൻ പോയി നിങ്ങൾക്ക് സ്ഥലം ഒരുക്കിക്കഴിയുമ്പോൾ ഞാൻ ആയിരിക്കുന്നിടത്ത് നിങ്ങളും ആയിരിക്കേണ്ടതിന് ഞാൻ വീണ്ടും വന്ന് നിങ്ങളേയും കൂട്ടിക്കൊണ്ടുപോകും.** (യോഹ 14:3)

# നമുക്കു പ്രാർത്ഥിക്കാം

മരിച്ച വിശ്വാസികളുടെ ആത്മാക്കൾ തമ്പുരാന്റെ മനോഗുണത്താലെ മോക്ഷത്തിൽ ചേരുവാൻ ഇടയാകട്ടെ. നിത്യപിതാവേ കർത്താവിശോമിശിഹായുടെ വിലതീരാത്ത തിരുരക്തത്തെക്കുറിച്ച് മരിച്ച വിശ്വാസികളുടെമേൽ കൃപയാകണമേ.

# എന്റെ തീരുമാനം

**മരിച്ചവിശ്വാസികൾക്കുവേി എല്ലാ ദിവസവും ഞാൻ പ്രാർത്ഥിക്കും.**

Thank you